# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1721** **05.02.2019 ലെ മറുപടിയ്ക്ക്**

**<u>വയനാട്ടിലെ എഞ്ചിനീയറിംഗ് കോളേജുകളുടെ വികസനം</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ഒ. ആർ. കേളു** | | **ഡോ.കെ.ടി.ജലീൽ (ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മാനന്തവാടി ഗവണ്മെന്റ് എഞ്ചിനീയറിംഗ് കോളേജിൽ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 4 ബിരുദ കോഴ്സുകളും 2 ബിരുദാനന്തര കോഴ്സുകളുമുള്ള വയനാട് സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ കമ്പ്യൂട്ടർ സയൻസ് ഡിപ്പാർട്ട്മെന്റ് NBA അക്രഡിറ്റേഷൻ കരസ്ഥമാക്കി. മറ്റ് ബ്രാഞ്ചുകളിൽ ഇതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.<br>അധ്യാപകർക്കാവശ്യമായ ഹ്രസ്വകാല പരിശീലന പരിപാടികളും ആധുനിക സാങ്കേതിക വിദ്യകളിൽ പരിചയം ലഭ്യമാക്കാനായി സെമിനാറുകളും കോളേജിൽ സംഘടിപ്പിച്ചുവരുന്നു. വിസിറ്റിംഗ് ഫാക്കൽറ്റി സ്കീമിലുൾപ്പെടുത്തി സാങ്കേതിക വിദഗ്ധരുടെ ക്ലാസ്സുകൾ വിദ്യാർത്ഥികൾക്ക് നൽകുന്നുണ്ട്.<br>വിദ്യാർത്ഥികളുടെ സമഗ്രവികസനത്തിനായി 'ഉന്നത് ഭാരത് അഭിയാൻ' നാഷണൽ സർവ്വീസ് സ്കീം പ്രവർത്തനങ്ങൾ സാമൂഹ്യപ്രവർത്തനത്തിന് പ്രാമുഖ്യം നല്കി നടത്തുന്നുണ്ട്.<br>ഈ കാലയളവിൽ പ്ലേസ്മെന്റ് സെല്ലിന്റെയും വർക്ക്ഷോപ്പ് കെട്ടിടത്തിന്റെയും പണി പൂർത്തിയാക്കിയിട്ടുണ്ട്. മറ്റ് നിർമ്മാണ പ്രവർത്തനങ്ങളും പുരോഗമിക്കുന്നു. ലാബുകളുടെയും വർക്ക്ഷോപ്പുകളുടെയും ആധുനികവൽക്കരണവും പൂർത്തിയായി വരുന്നു. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വയനാട് എഞ്ചിനീയറിംഗ് കോളേജിൽ വിവിധ വികസന പ്രവർത്തനങ്ങൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശം ലഭ്യമാക്കാമോ? | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കോളേജിലെ വിവിധ വികസന പ്രവർത്തനങ്ങൾക്കായി പ്ലാൻ റവന്യൂ ശീർഷകങ്ങളിൽ നാളിതു വരെ 536.58 ലക്ഷം രൂപയും ക്യാപ്പിറ്റൽ ശീർഷകങ്ങളിൽ 269 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**